വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ
*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ജൂലൈ 17


ശ്ലീഹ ഏഴാം ഞായർ



# കൂടെയുള്ള സഹായകൻ

സംഖ്യ 11:16-18, ഗലാ 5:16-26, യോഹ 14:15-20, 25-26

## കൂടെ

'അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.' (യോഹന്നാൻ 14 : 17)

കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഊണിലും ഉറക്കത്തിലും കൂടെയുള്ള ഗുരു, ശിഷ്യരെ പിരിയുവാനുള്ള സമയം അടുക്കുകയാണ്. ഗുരുവിന്റെ അസാന്നിധ്യം ശിഷ്യരെ തളർത്തുമെന്ന് മുൻകൂട്ടി കണ്ടതുകൊണ്ടാവണം പരിശുദ്ധാത്മാവ് കൂട്ടുണ്ടാകും എന്ന ഉറപ്പു നൽകി ക്രിസ്തു അവരെ ധൈര്യപ്പെടുത്തുന്നത്.

മനുഷ്യന്റെ അസ്തിത്വ ദുഃഖങ്ങളിൽ ഒന്നാണ് അവൻ/ അവൾ ഏകനാകുന്നു എന്നത്. ഈ തനിച്ചാകലിന്റെ സങ്കടം ദൈവത്തോളം മനസ്സിലാക്കിയ ആരുമില്ല.'ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല...' (ഉൽപത്തി 2:18) ഏദേൻ തോട്ടത്തിന്റെ വഴിത്താരകളിലൂടെ മനുഷ്യന്റെ കൂടെ നടക്കുന്ന ദൈവത്തിന്റെ ചിത്രം എത്ര മനോഹരമാണ്! പാപം നഷ്ടപ്പെടുത്തിയത് കൂടെയുള്ള ആ ദൈവത്തെ തന്നെയാണ്. എന്നിട്ടും മനുഷ്യന്റെ യാത്രയിൽ അവന്റെ കൂടെ ആയിരിക്കാൻ ദൈവം എന്തെല്ലാം രൂപങ്ങളിലേക്ക് സ്വയം മാറുന്നു. മോചനമായി, കൽപ്പനകളായി, മേഘത്തൂണായി, അഗ്നിസ്തംഭമായി,...അവസാനം മനുഷ്യനായി ദൈവം കൂടെ വസിക്കുന്നു. ക്രിസ്തു തന്റെ മനുഷ്യരൂപം വിട്ടുപോകുമ്പോൾ ഇതാ പരിശുദ്ധാത്മാവ് കൂട്ടിനെത്തുന്നു.

റൊമാൻ(ങ്) ഗാരി എന്ന ഫ്രഞ്ച് നോവലിസ്റ്റിന്റെ കഥയിൽ കുറെ ഫ്രഞ്ച് തടവുകാർ ജീവിതം നിരാശാപൂർണമായപ്പോൾ അതിനെ മറികടക്കാൻ തങ്ങളുടെ തടവറയുടെ കോണിൽ ഒരു സ്ത്രീ ഉണ്ടെന്ന് സങ്കൽപ്പിച്ച് അവളോട് പെരുമാറി തുടങ്ങിയതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീ യഥാർത്ഥത്തിൽ ഉള്ളവളാണെന്ന് വിചാരിച്ചു ജർമ്മൻ സേനാ നായകൻ അവളെ അടുത്ത ദിവസം വിട്ടുകൊടുക്കണമെന്ന് ആജ്ഞാപിച്ചു. വിട്ടുകൊടുത്താൽ




സിസ്റ്റർ ഡോ. സോജാ മരിയ CMC

വീണ്ടും അവളെ സൃഷ്ടിക്കാൻ ആവില്ല എന്ന് അറിയാമായിരുന്ന തടവുകാർ അവളെ നൽകിയില്ലപോലും. സാന്നി ധ്യത്തിന്റെ അവബോധം ജീവിതത്തെ മാറ്റിമറിക്കും. അത് ദൈവത്തിന്റെ യാണെങ്കിൽ തീർച്ചയായും.

## അരികെ

'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും.' (യോഹ.. 14 : 18)

കണ്ണിൽ നിന്നും മറയുന്ന ഗുരു തന്റെ സാന്നിധ്യം വാഗ്ദാനം ചെയ്തെങ്കിലും അവൻ ദൂരെയായി പോകുമോ എന്ന സങ്കടം പോലും ശിഷ്യർക്ക് ഉണ്ടാ വരുത് എന്ന് ക്രിസ്തുവിന് നിർബന്ധമുള്ളതുപോലെ.. 'നാം വിളിച്ചപേക്ശിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറേ ഏതു ശ്രേഷ്ഠജനതയാണുള്ളത്?' (നിയ.4:7). ഉടൽപിറപ്പായ നിഴലുകളേക്കാൾ അടുത്തായി, ആത്മൻ കൂടെ വസി ക്കുന്നു. നാം നമ്മോട് അടുത്താ യിരിക്കുന്നതിനേക്കാൾ അരികെയാണ് അവിടുന്ന്. വിശുദ്ധ അമ്മ ത്രേസ്യ യാണ് ഉള്ളിൽ വസിക്കുന്ന ദിവ്യാ തിഥിയിലേക്ക് ശ്രദ്ധ തിരിക്കു ന്നതാണ് പ്രാർത്ഥന എന്ന് നിർവ്വചിക്കുന്നത്. ഇത്ര അടുത്തുണ്ടായിട്ടും സഹായകനെ അകലങ്ങളിൽ നിർത്തുകയാണ് നാം പലപ്പോഴും. ഒരു അവബോധത്തിന്റെ ദൂരമേയുള്ളൂ അവനിലേക്ക്. മത്സ്യം ജലത്തിലായിരിക്കുന്നപോലെ നാം അകത്തും പുറത്തും അവനിൽ തന്നെയാണ്. പരിശുദ്ധാത്മാവ് 'റൂഹാ' - കാറ്റ്, ശ്വാസം ആണല്ലോ. 'എന്തെ ന്നാൽ, അവിടുന്നിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനിൽക്കുന്നു.'

(അപ്പ. പ്രവ.17 : 28). റൂഹായുടെ പ്രവാഹത്തിലേക്ക് നാം ഉണരണ മെങ്കിൽ ക്രിസ്തുവിന്റെ കല്പന- സ്നേഹത്തിന്റെ പ്രമാണം - പാലിക്ക ണം എന്നൊരു വ്യവസ്ഥ കൂടിയുണ്ട്. സ്നേഹത്തിൽ ആയിരിക്കുന്ന വനിലാണ് ആത്മാവ് പ്രവർത്തിക്കുക എന്ന് സാരം. ശുദ്ധ സ്നേഹത്താൽ നിറയുന്നതനുസരിച്ച് ആത്മാവിന്റെ ചലനങ്ങൾ വെളിപ്പെട്ടു കിട്ടും. പരിശുദ്ധാത്മാവാകുന്ന കാറ്റിൽ കനമില്ലാതെ പറക്കാൻ ആത്മാവിലും മനസ്സിലും, നോക്കിലും വാക്കിലും പ്രവൃത്തിയിലും, സ്നേഹം നിറയ്ക്കുക.

## എന്നും എപ്പോഴും

'ഞാൻ പിതാവിനോട് അപേക് ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും.' (യോഹ. 14 : 16)

അവിടുന്ന് എപ്പോഴാണ് നമ്മുടെ കൂടെയില്ലാ ത്തത്? എന്നും എപ്പോഴും കൂടെയുള്ള സ്നേഹമാണ് ദൈവം.

വർഷങ്ങൾക്ക് മുൻപാണ്. ബഹു. പോൾ പുത്തനങ്ങാടി sഉ്ത്ത അച്ചന്റെ ജൂബിലി ആഘോഷം നടക്കുകയാണ്. (അച്ചന്റെ ഓർമ്മകൾക്ക് മുൻപിൽ പ്രാർത്ഥനാ പ്രണാമം). ആഘോഷങ്ങളോട് താൽപ്പര്യമില്ലാത്ത അദ്ദേഹം ജൂബിലി ആഘോഷിക്കുവാൻ സമ്മതിച്ചത് എല്ലാവർക്കും അൽഭുത മായിരുന്നു. വി. കുർബാനയ്ക്ക് മുൻപ് നടത്തിയ ഇന്റർവ്യൂവിൽ എന്തുകൊ ണ്ടാണ് ജൂബിലി ആഘോഷത്തിന് അങ്ങ് സമ്മതിച്ചത് എന്ന് ചോദിച്ചു. അദ്ദേഹം നൽകിയ ഉത്തരം



സുന്ദരമായിരുന്നു: 50 വർഷങ്ങൾക്ക് മുൻപ് ഞാൻ ദൈവത്തോടൊപ്പം ഈ യാത്ര തുടങ്ങി. അന്ന് ഞങ്ങൾ പരസ്പരം വാക്ക് കൊടുത്തിരുന്നു. എന്നും കൂടെയുണ്ടാകും എന്ന്. പക്ഷെ, ഈ യാത്രയിൽ ഞാൻ പലപ്രാവശ്യം വാക്ക് തെറ്റിച്ചു. പിറകോട്ട് പോയി. കുതറി ഓടി. കൈവിട്ട് നടന്നു. എന്നാൽ ദൈവം, ഒരിക്കൽ പോലും തന്റെ വാക്ക് തെറ്റിച്ചിട്ടില്ല. എപ്പോഴും, എപ്പോഴും, എപ്പോഴും എന്റെ കൂടെ ഉണ്ടായിരുന്നു. എന്നും ഉണ്ടായിരുന്നു. ഇന്നും ഉണ്ട്. ഇനിയും ഉണ്ടാകും. അപരിമേയനും അഗ്രാഹ്യനുമായ ദൈവം നിസ്സാരനായ മനുഷ്യനോട് കാണിക്കുന്ന നിരന്തരമായ വിശ്വസ് തതയുടെ ആഘോഷമാണ് എന്റെ ജൂബിലി. ദൈവം ഇതിൽ കൂടുതൽ എങ്ങനെയാണ് നമ്മോട് കൂടെയാ യിരിക്കുക? നാം അവിശ്വസ്തരായിരിക്കുമ്പോൾ പോലും, അവിടുന്ന് നമ്മുടെ കൂടെയുണ്ട്.'

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് - പരി. ആത്മാവിൽ നിന്ന്- ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? (റോമാ 8 : 35)

എനിക്കാരുമില്ല, ആരും എന്റെ കൂടെയില്ല, ദൈവം പോലും എന്നെ ഉപേക്ഷിച്ചു എന്ന് വിചാരിച്ചിട്ടുണ്ടോ? 'നീ എപ്പോഴെങ്കിലും തനിച്ചാണെന്ന് കരുതിയാൽ അത് പരി. ആത്മാവി നെതിരായ അപരാധമാണ്'. മനുഷ്യ രൂപത്തിൽ ആയിരുന്നവൻ മറഞ്ഞെ ങ്കിലും ഇന്ദ്രിയങ്ങൾക്ക് സംല ഭ്യമാകത്തക്ക വിധം അപ്പമായി അവിടുന്ന് കൂടെ വസിക്കുന്നു. ശരീരത്തിന്റെ അതിരുകൾ പോലും ഭേദിച്ചുകൊണ്ട് അപ്പമായി, ആത്മാവായി ഉള്ളിലും ചുറ്റിലും അവൻ നിറസാന്നിധ്യമാണ്. അതിനാൽ പ്രിയപ്പെട്ടവരേ, 'രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രി തരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത് മാവിനെ വേദനിപ്പിക്കരുത്.' (എഫേ 4:30). 'നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്കു ആത് മാവിൽ വ്യാപരിക്കാം.' (ഗലാ 5: 25)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com